ലഘൂകരണ പദ്ധതി പ്രകാരം സ്ത്രീകൾക്ക് സ്വയം തൊഴിൽ കൊടുക്കുന്ന കേരളത്തിലെ ഒരു പ്രധാനപ്പെട്ട പ്രോജക്ടാണ് ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്ററുടെ നിയോജക മണ്ഡലമായ പേരാമ്പ്രയിലെ സുഭിക്ഷ പദ്ധതി. അദ്ദേഹം ഇവിടെ സൂചിപ്പിച്ചത് ശരിയാണ്. ഈ സുഭിക്ഷ പദ്ധതിയുടെ വിപുലീകരണത്തിന് ഒരു പദ്ധതി തയ്യാറാക്കി നടപ്പാക്കുമെന്ന് ടൂറിസം വകുപ്പ് പറഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായിട്ട് വിപുലീകൃതമായ ഒരു പദ്ധതി 508.78 ലക്ഷം രൂപയ്ക്ക് തത്വത്തിലുള്ള ഭരണാനുമതി നൽകി നബാഡിന്റെ കൂടി ധനസഹായത്തിനുവേണ്ടി സമർപ്പിച്ചു. ആ ധനസഹായം കിട്ടാത്തതാണ് കാലതാമസം ഉണ്ടാക്കിയത്. അങ്ങ് പറഞ്ഞ കാര്യങ്ങൾ പ്രത്യേകം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(7) അന്ധരുടെയും മറ്റ് വികലാംഗരുടെയും നിയമനം

മി. സ്പീക്കർ : ഈ വിഷയം സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥും ഒരു സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. പി. വിശ്വൻ : സർ, കേരളത്തിലെ കാഴ്ച്ചയില്ലാത്തവരുടെ സർവ്വതോന്മുഖമായ ക്ഷേമവുമായി ബന്ധപ്പെട്ട ഒരു വിഷയമാണിത്. വികലാംഗരുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ്. വികലാംഗ സംരക്ഷണ നിയമം പാർലമെന്റിൽ 1994-ൽ പാസാക്കി. 1998-ൽ സഖാവ് നായനാർ തന്നെ മുൻകയ്യെടുത്ത് 3% സംവരണം സ്പെഷ്യൽ റിക്രൂട്ട്മെന്റൊക്കെയാക്കി. 2004 ജനുവരി 1 മുതൽ കാഴ്ച്ചയില്ലാത്തവരുടെയും മറ്റ് വികലാംഗരുടെയും തൊഴിൽ നിയമനം കെ.പി.എസ്.സി.യ്ക്ക് വിട്ടുകൊണ്ട് സർക്കാർ ഉത്തരവായി. അവർക്ക് ലഭിക്കേണ്ട ബാക്ക്ലോഗ് 1650 ആയി കണക്കാക്കി. എന്നാൽ ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നില്ല. വിളിച്ചാൽ തന്നെ അവരെ അവഹേളിക്കുകയാണ്. നിങ്ങൾക്ക് കൈയ്യില്ലലോ, കാലില്ലല്ലോ, കണ്ണില്ലലോ എന്നൊക്കെ പറഞ്ഞുകൊണ്ട് അവരെ അവഹേളിക്കുകയാണ് പല ഉദ്യോഗസ്ഥരും ചെയ്യുന്നത്. അവർക്ക് 3% സംവരണമായിവച്ചശേഷം, അവരെ നോക്കി നിങ്ങൾ കണ്ണില്ലാത്തവരല്ലേ, നിങ്ങൾ കാലില്ലാത്തവരല്ലേ എന്ന് പറഞ്ഞ് അവഹേളിക്കുകയാണ്. പ്രശ്നം വളരെ സീരിയസാണ്. മേലോട്ട് കൊടുക്കാൻ തയ്യാറാകാതെ വരിക. എനിക്ക് ഇവിടെ പറയാനായിട്ടുള്ളത് അവർ സെക്രട്ടേറിയറ്റിന്റെ മുമ്പിൽ സമരരംഗത്താണ്. പഴയ ഉത്തരവ് ലംഘിച്ചുകൊണ്ട് നടപടിയുണ്ടാകാൻ പാടില്ലായെന്ന് പറഞ്ഞുകൊണ്ട് കാഴ്ച്ചയില്ലാത്തവർ 19-ാം തീയതി മുതൽ സെക്രട്ടേറിയറ്റ് പടിക്കൽ അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചിട്ടുണ്ട്. ഈ പ്രശ്നത്തിൽ ഇടപെട്ട് പരിഹാരം കാണാൻ സർക്കാർ മുന്നോട്ടുവരണം എന്നാണ് എന്റെ അഭ്യർത്ഥന.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സർ, വികലാംഗ സംവരണം ഏറ്റവും കാര്യക്ഷമമായി നടപ്പാക്കിയത് ഈ സർക്കാരിന്റെ കാലത്താണ്. വികലാംഗർക്ക് അർഹമായ സംവരണം ഉറപ്പുവരുത്തുന്നതിന് ക്ളാസ് 1, 2

LIBRARY ARCHIVES Kerala Legislative Assembly

തസ്തികകളിൽ 28 തസ്തികകളിൽകൂടി വികലാംഗർക്ക് സംവരണം ഏർപ്പെടുത്താൻ തീരുമാനിച്ചു. 2005-ലെ ഉത്തരവ് അനുസരിച്ച് 20 തസ്തികകൾ മാത്രമാണ് സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്. ഇതാണ് 48 ആയി ഉയർത്തിയത്. ക്ളാസ് 3, 4 തസ്തികയിലെ വികലാംഗ നിയമനത്തിന് അനുയോജ്യമെന്ന് വിദഗ്ദ്ധ സമിതി കണ്ടെത്തിയ 204 തസ്തികകൾകൂടി വികലാംഗ സംവരണത്തിനുള്ള തസ്തികകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയതും ഈ സർക്കാരാണ്. അനുയോജ്യമായ തസ്തികകൾ ഇല്ലാത്തതിനാൽ ജോലി ലഭിക്കാതെ കഴിയുന്ന നൂറുകണക്കിന് വികലാംഗർക്ക് പ്രയോജനപ്പെടുന്നതാണ് ഈ തീരുമാനം. കൂടാതെതന്നെ വികലാംഗ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിടാൻ തീരുമാനിച്ചത് മറ്റൊരു സുപ്രധാനമായ നടപടിയാണ്. നേരത്തെ ജില്ലാ കളക്ടർ മുഖേന നിയമനം നൽകുന്ന രീതി കാരണം വികലാംഗർക്ക് അർഹമായ സംവരണ നിയമനം സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിഞ്ഞിരുന്നില്ല. ഇങ്ങനെ വന്ന ബാക്ക്ലോഗ് നികത്താനും പി.എസ്.സി. മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താനും സർക്കാർ ഊർജിതമായ നടപടികളാണ് സ്വീകരിച്ചത്. 1998 മുതൽ 2003 വരെയുള്ള സംവരണ നിയമനത്തിനുള്ള ടാർഗെറ്റ് 2402 ആയിരുന്നു. ഇതിൽ 1851 പേർക്ക് നിയമനം ലഭിച്ചു. 551 ബാക്ക്ലോഗ്. ഈ സർക്കാർ 2007 നവംബർ 30-ന് നടത്തിയ പ്രത്യേക ഉത്തരവിലൂടെ 604 പേർക്ക് നിയമനം നൽകിക്കൊണ്ട് ബാക്ക്ലോഗ് നികത്തി. 2008 മുതലുള്ള നിയമനം പി.എസ്.സി. മുഖേന നടക്കുന്നുണ്ട്. 2008-09 വർഷങ്ങളിലായി 345 പേർക്ക് വികലാംഗ സംവരണ നിയമപ്രകാരം പി.എസ്.സി. മുഖേന നിയമനം നൽകി. 2004-07 കാലയളവിൽ സംവരണ നിയമനത്തിന്റെ പ്രശ്നം പരിഹരിക്കുന്നതിന് പി.എസ്.സി.യുമായി ചർച്ച നടത്തിവരികയാണ്. കൂടാതെ സഹകരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, മറ്റ് സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെല്ലാം 3% തസ്തികകൾ സംവരണം ചെയ്യാൻ തീരുമാനിച്ചു. ഇതിന് അനുയോജ്യമായ തസ്തികകൾ കണ്ടെത്താൻ സമിതിയെ നിയോഗിച്ചിട്ടുണ്ട്. വികലാംഗ നിയമനത്തിന് അനുയോജ്യമായി കണ്ടെത്തിയ തസ്തികകളുടെ 3%-ൽ നിയമനം നടത്തുമ്പോൾ 1:1:1 എന്ന അനുപാതത്തിൽ അന്ധർ അല്ലെങ്കിൽ കാഴ്ച്ച കുറവുള്ളവർ, ബധിരർ, അസ്ഥിസംബന്ധമായ വൈകല്യമുള്ളവർ എന്നിവർക്ക് നൽകിവരുന്നു. 100 ഒഴിവുകൾ വരുമ്പോൾ 33, 66, 99 എന്നീ ക്രമത്തിലാണ് നിയമനം നൽകുന്നത്. 2008-09 വർഷങ്ങളിലായി പി.എസ്.സി. മുഖേന 345 വികലാംഗർക്ക് കാഴ്ച്ചകുറവുള്ളവർ 75, കേൾവി വൈകല്യമുള്ളവർ 140, അസ്ഥി വൈകല്യമുള്ളവർ 130 എന്നിങ്ങനെ നിയമനം നൽകിയിട്ടുണ്ട്. സമരം നടത്തിയ സംഘടനകൾ ഈ വസ്തുത മനസ്സിലാക്കി സർക്കാരുമായി സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ശ്രീ. പി. വിശ്വൻ ഇവിടെ ഉന്നയിച്ച പ്രശ്നം ഈ കേരളീയ സമൂഹത്തിന്റെ മനസാക്ഷിയുടെ ശബ്ദമാണ്. അത് ഉൾക്കൊള്ളണം. സമരം ചെയ്യുന്നവരെ വിളിച്ചുവരുത്തി അവരുമായി ചർച്ച ചെയ്ത് ഈ പ്രശ്നം തീർക്കാനായിട്ട് ശ്രമിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ പുതിയ ഒരു ഓർഡർ അവരിലൊക്കെ ഒരു ആശങ്ക ഉളവാക്കിയിട്ടുണ്ട്. അത് ആ ചർച്ചയിലൂടെ ഒഴിവാക്കി സമരം തീർക്കാൻകൂടി മന്ത്രി മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എളമരം കരീം : സർ, അത് ചെയ്യാം. സമരം ചെയ്ത സംഘടനകളുമായി കൂടിയാലോചിച്ച് പ്രശ്നം പരിഹരിക്കുന്നതിന് നടപടിയെടുക്കാം.

(8) പോൾ കാസ്റ്റിംഗ് യൂണിറ്റ്

ശ്രീ. എം. ഉമ്മർ : സർ, മലപ്പുറം ജില്ലയിലെ അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് പോസ്റ്റുകളുടെ രൂക്ഷമായ ക്ഷാമം അനുഭവപ്പെടുകയാണ്. എം.പി., എം.എൽ.എ., എൽ.എസ്.ജി.ഡി. ഫണ്ടുകൾ വഴി നടപ്പാക്കുന്ന പല സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതികളും പോസ്റ്റുകളുടെ ദൗർലഭ്യം കാരണം പാതിവഴിയിലാണ്. സ്വകാര്യ കമ്പനികൾ നിർമ്മിച്ചു നൽകുന്ന വൈദ്യുത പോസ്റ്റുകൾ വളരെ ഗുണനിലവാരം കുറഞ്ഞതുമാണ്. ആയതിനാൽ കെ.എസ്.ഇ.ബി.യിലെ സിവിൽ എഞ്ചിനീയർമാരെ ഉപയോഗപ്പെടുത്തി ബോർഡിന്റെ മേൽനോട്ടത്തിൽ ജില്ലയിൽ അനുയോജ്യമായ സ്ഥലത്ത് ഒരു പോൾ കാസ്റ്റിംഗ് യൂണിറ്റ് അടിയന്തിരമായി ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : സർ, മലപ്പുറം ജില്ലയിലെ മഞ്ചേരി, തിരൂർ ഇലക്ട്രിക്കൽ സർക്കിളുകളിലേയ്ക്ക് വൈദ്യുതി പോസ്റ്റുകൾ നൽകുന്നതിന് മെസ്സേഴ്സ് മെക്കോൺ പ്രിഫാബ്സ്, രാമനാട്ടുകര, വരുണ എഞ്ചിനീയറിംഗ് വർക്സ്, തൃശൂർ, രൂപ എഞ്ചിനീയറിംഗ് കോർപ്പറേഷൻ, മംഗലാപുരം എന്നീ സ്ഥാപനങ്ങളുമായി 2005-ൽ കരാറിൽ ഏർപ്പെട്ടിരുന്നു. 2005 മുതൽ 2010 വരെയായിരുന്നു കരാർ കാലാവധി. എന്നാൽ കരാർ പ്രകാരം പോസ്റ്റുകൾ നൽകുന്നതിന് കമ്പനികൾ തയ്യാറായില്ല. ഇതുമൂലം ജില്ലയിൽ പോസ്റ്റുകളുടെ ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇത് പരിഹരിക്കാൻ പാലക്കാട്, കണ്ണൂർ ജില്ലകളിൽ നിന്ന് പോസ്റ്റുകൾ ഡൈവർട്ട് ചെയ്ത് മലപ്പുറം ജില്ലയിൽ ഉപയോഗപ്പെടുത്തുകയുണ്ടായി. എങ്കിലും സമ്പൂർണ്ണ വൈദ്യുതീകരണം അടക്കം നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തതിന്റെ ഭാഗമായി പ്രശ്നം പൂർണ്ണ തോതിൽ പരിഹരിക്കാനായിട്ടില്ല. കരാറുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങളും നടത്തിവരുന്നു. അതിന്റെ ഭാഗമായി ഇപ്പോൾ വണ്ടൂരിലുള്ള രൂപ എഞ്ചിനീയറിംഗ് കോർപ്പറേഷന്റെ യാർഡിൽ നിന്ന് മുൻടെൻഡർ പ്രകാരമുള്ള പോസ്റ്റുകൾ തർക്കങ്ങൾ പരിഹരിച്ച് ലഭ്യമായി തുടങ്ങിയിട്ടുണ്ട്. ഇതോടൊപ്പം ജില്ലയിൽ വരുന്ന രണ്ട് വർഷത്തേയ്ക്ക് ആവശ്യമായിട്ടുള്ള പോസ്റ്റുകൾ നിർമ്മിച്ചു നൽകാൻ ഉത്തര മേഖലാ ചീഫ് എഞ്ചിനീയർ 11-1-2010-ൽ ടെൻഡർ വിളിക്കുകയും അതനുസരിച്ച് ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഉടൻ തന്നെ പോസ്റ്റുകൾ ലഭ്യമായി തുടങ്ങും. ഇങ്ങനെ പോസ്റ്റുകളുടെ ക്ഷാമം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly